# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 6358

03.04.2018 ൽ മറുപടിയ്ക്ക്

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും, ജനാധിപത്യത്തിൽ അധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹ്യരാഷ്ട്രീയ ബോധവും ജനങ്ങളിൽ ഊട്ടിഉറപ്പിക്കുന്നതിനും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയിഡഡ്സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യുക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ ക്വിസ്/ പ്രസംഗം, മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് തുടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം, എന്നീ മത്സരങ്ങളും നടത്തി വരുന്നു. മാത്രമല്ല, യൂത്ത് പാർലമെന്റ് സംസ്ഥാന വിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് പഴയ നിയമസഭാ മന്ദിരത്തിൽ സംഘടിപ്പിക്കുകയും, മികച്ച സ്കൂൾ പാർലമെന്റേറിയൻമാരുടെ പഠന ക്യാമ്പ്, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) യുവാക്കളിലും, സ്കൂൾ കുട്ടികളിലും രാഷ്ട്രീയത്തോട് നിലവിൽ കാണുന്ന വിരക്തി അകറ്റുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൊണ്ട് കഴിഞ്ഞിട്ടുണ്ടോ; | (ബി) സ്കൂൾ/കോളേജ് തലങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിപാടികളിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉണ്ട്. |
| (സി) 2018 ൽ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;വിശദീകരിക്കുമോ? | (സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

2018 ൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

1. 282 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം.

2. 282 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളുടെ രൂപീകരണവും തുടർ പ്രവർത്തനവും.

3. 282 സ്കൂളുകളിൽ മനുഷ്യാവകാശ സംരക്ഷണ ക്ലബ്ബുകളുടെ രൂപീകരണവും തുടർ പ്രവർത്തനവും

4. 564 സ്കൂളുകളിൽ മതേതര ജനാധിപത്യത്തെ സംബന്ധിച്ചും അനുബന്ധ വിഷയങ്ങളെ സംബന്ധിച്ചും സെമിനാറുകൾ

5. 200 കോളേജുകളിൽ മോഡൽ പാർലമെന്റ് രൂപീകരണം.

6. യൂത്ത് പാർലമെന്റ് മത്സരം സംഘടിപ്പിക്കുന്നതിനും മോഡൽ പാർലമെന്റ് രൂപീകരിക്കുന്നതിനും ആവശ്യമായ സംസ്ഥാനതല പരിശീലനം.

7. 28 കോളേജുകളിൽ കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള സെമിനാറുകൾ.

8. 5 സർവ്വകലാശാലകളിൽ രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികവുമായി ബന്ധപ്പെട്ട് അന്തർദേശീയ /ദേശീയ സെമിനാറുകൾ.

സെക്ഷൻ ഓഫീസർ